# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 44 01-12-2014-ന് മറുപടി നൽകേണ്ടത്

## കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | **നിലവിലെ കേന്ദ്രസർക്കാർ അധികാരമേറ്റശേഷം കേരളം എന്തെല്ലാം ആവശ്യങ്ങളാണ് നിവേദനമായി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുള്ളത് ;** | (എ) | നിലവിലെ കേന്ദ്രസർക്കാർ അധികാരമേറ്റശേഷം 2014 ഒക്ടോബർ 17-ന് പ്രധാനമന്ത്രിയെ സന്ദർശിച്ച മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ നിവേദനമായി സമർപ്പിച്ചു-<br>1. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ നോട്ടിഫിക്കേഷൻ പുറത്തിറക്കുക.<br>2. കോസ്റ്റൽ റഗുലേഷൻ സോൺ സംബന്ധമായ ചട്ടങ്ങളിൽ ഇളവുവരുത്തുക.<br>3. കേരളത്തിലെ റബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര നയങ്ങളിൽ മാറ്റം ആവശ്യപ്പെട്ടു<br>4. ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുക.<br>5. മരുന്നുകളുടെ വില നിയന്ത്രിക്കുക<br>6. പാലക്കാട്ട് റയിൽകോച്ച് ഫാക്ടറി സ്ഥാപിക്കുക<br>7. വിഴിഞ്ഞം പദ്ധതിക്കായി VGF (Viability Gap Funding) അനുവദിക്കുക<br>8. RCC-യെ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുക<br>9. നിലമ്പൂർ-നഞ്ചൻഗോഡ് റയിൽപ്പാത നിർമ്മാണം.<br>10. ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിയിലെ ഗുണഭോക്താക്കൾക്കായി ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുക<br>11. FACT-ന്റെ പുനരുദ്ധാരണ പാക്കേജ്<br>12. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൌകര്യ വികസനത്തിനുള്ള മൂലധന നിക്ഷേപം 40%-ൽനിന്നും 75% ആക്കി ഉയർത്തുക<br>13. കേരളത്തിൽ സബർബൻ റയിൽ സർവ്വീസ് ആരംഭിക്കുക |

(മറുപുറം....)

| | | | |
|---|---|---|---|
| | | | 14. കേന്ദ്ര ഗവൺമെന്റിന്റെ 100-Smart City പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയെ ഉൾപ്പെടുത്തുക.<br>15. സൊമാലിയൻ കടൽക്കൊള്ളക്കാരുടെ പിടിയിലുള്ള നാവികരുടെ മോചനം.<br>16. കേരളത്തിൽ നൈപുണ്യവികസനപ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ ധനസഹായം അനുവദിക്കുക<br>17. Kerala University of Fisheries and Ocean Studies-ന് ഒറ്റത്തവണ സാമ്പത്തിക സഹായമായി 100 കോടി രൂപ അനുവദിക്കുക<br>18. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുക |
| (ബി) | **പ്രസ്തുത നിവേദനങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ചു നടപ്പിലാക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളത് ഏതെല്ലാം :** | (ബി) | പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലൂടെ ഉന്നയിച്ച മറ്റ് ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | **റെയിൽവേയുടെ കാര്യത്തിൽ കേരളത്തോടുള്ള അവഗണനയ്ക്ക് പരിഹാരം കാണുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ടോ;** | (സി) | ഉണ്ട്. |
| (ഡി) | **നിർദ്ദിഷ്ട പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കാമോ;** | (ഡി) & (ഇ) | 2008-2009 റയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പാലക്കാട് കോച്ച് ഫാക്ടറിക്കായി സംസ്ഥാന സർക്കാർ ഇതുവരെ 239 ഏക്കർ ഭൂമി റയിൽവേയ്ക്ക് കൈമാറിക്കഴിഞ്ഞു. പദ്ധതിയുടെ പൂർത്തീകരണത്തിനായി J.V Partner (Joint Venture)-നെ കണ്ടെത്തുവാനുള്ള നടപടികൾ ഡിസംബറിൽ ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. |
| (ഇ) | **നിർദ്ദിഷ്ട കോച്ച്ഫാക്ടറി നടപ്പിലാക്കുമെന്നതിന് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ?** | | |

**സെക്ഷൻ ഓഫീസർ**